പതിനാലാം കേരള നിയമസഭ

**പതിനൊന്നാം സമ്മേളനം**

***നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3453*** ***20.06.2018 ലെ മറുപടിക്ക്***

**<u>പ്രവാസികൾക്കായുള്ള പ്രത്യേക പദ്ധതി</u>**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| **ശ്രീ. കെ. സി. ജോസഫ് :**<br>**ശ്രീ. റോജി എം. ജോൺ**<br>**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**<br>**ശ്രീ. അടൂർ പ്രകാശ്** | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| (എ) വിമാനക്കമ്പനികൾ ഉയർന്ന യാത്രാനിരക്ക് ഈടാക്കുന്നതുൾപ്പെടെ പ്രവാസികളോട് കാണിക്കുന്ന വിവേചനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് അവസാനിപ്പിക്കുവാൻ എന്ത് ഇടപെടലാണ് സർക്കാരിന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആഭ്യന്തര റൂട്ടുകളിൽ ചെലവ് കുറഞ്ഞ വിമാനയാത്ര സാധ്യമാക്കുന്നതിന് വേണ്ടി കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ, എയർ ലൈൻ ഓപ്പറേറ്റർമാർ എന്നിവർ സംയുക്തമായി സഹകരിച്ച് റീജിയണൽ കണക്ടിവിറ്റി സ്കീമിൽ (ആർ.സി.എസ്.സ്കീം -ഉഡാൻ) ഉൾപ്പെടുത്തി ചെന്നൈ, ബാംഗ്ലൂർ, ഹുബ്ലി, ഹിൻ ഡൻ (ഗാസിയാബാദ്), മുംബൈ, കൊച്ചി, ഗോവ, തിരുവനന്തപുരം തുടങ്ങിയ റൂട്ടുകളിലായി 24 ഓളം ആഭ്യന്തര വിമാന സർവ്വീസുകൾ നടത്തുന്നതിന് തീരുമാനമായിട്ടുണ്ട്. കൂടാതെ ATF ന്റെ VAT 1% കുറയ്ക്കുന്നത് സംബന്ധിച്ച വിഷയം ടാക്സസ് വകുപ്പിന്റെ പരിഗണനയിലാണ്. |
| (ബി) കേരളത്തിന്റെ തനതായ വിമാന കമ്പനി ആരംഭിക്കുമെന്ന പ്രഖ്യാപനം ഉപേക്ഷിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ; | (ബി) കേന്ദ്ര സർക്കാരിന്റെ വ്യോമയാന നയ പ്രകാരം രാജ്യാന്തര സർവ്വീസുകൾ ആരംഭിക്കുന്നതിന് 20 വിമാനങ്ങളോ, അല്ലെങ്കിൽ മൊത്തം സീറ്റുകളുടെ 20 ശതമാനമോ ആഭ്യ-ന്തര സർവ്വീസുകൾക്കായി മാറ്റി വെക്കേണ്ടതായിട്ടുണ്ട്. ആഭ്യന്തര മേഖലയിലുള്ള അഞ്ച് വർഷത്തെ |

വിമാന ഗതാഗത പരിചയം എന്നത് എടുത്തു കളഞ്ഞെങ്കിലും 20 വിമാനങ്ങൾ വേണമെന്ന നിബന്ധന നിലനിൽക്കുന്നത് എയർ കേരള പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് തടസ്സമാകുമെന്നതിനാൽ പദ്ധതി താൽക്കാലികമായി നിർത്തി വച്ചിരിക്കുകയാണ്.

(സി) പ്രവാസികളെക്കുറിച്ചുള്ള സമഗ്ര ഡേറ്റാബേസ് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) പ്രവാസികളെക്കുറിച്ചുള്ള സമഗ്ര ഡേറ്റാബേസ് തയ്യാറാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. പ്രവാസികളേയും തിരികെയെത്തുന്ന പ്രവാസികളേയും കുറിച്ചുള്ള കൃത്യവും സമഗ്രവുമായ ഒരു ഡാറ്റാബേസിന്റെ അഭാവമാണ് പ്രവാസികൾക്കു വേണ്ടിയുള്ള ക്ഷേമ പ്രവർത്തനങ്ങൾ രൂപീകരിക്കുന്നതിൽ സർക്കാർ നേരിടുന്ന വെല്ലുവിളി എന്നതിനാൽ നോർക്ക റൂട്ട്സ് മുഖേന ഒരു വെബ്പോർട്ടലിലൂടെ കൃത്യവും സമഗ്രവുമായ ഒരു തൽസമയ ഓൺലൈൻ ഡാറ്റാബേയ്സ് രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുമായി ബന്ധിപ്പിച്ചുകൊണ്ട് ഇൻഷുറൻസ് പരിരക്ഷയും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇപ്പോൾ നൽകിവരുന്ന പ്രവാസിതിരിച്ചറിയൽ കാർഡ് കൂടുതൽ ഉപയോഗയോഗ്യമാക്കുന്നതിനായി പ്രസ്തുത ഓൺലൈൻ ഡാറ്റാബേസുമായി സംയോജിപ്പിക്കാനും ശ്രമിച്ചു വരുന്നു.

(ഡി) വിദേശത്ത് വെച്ച് രോഗബാധിതർ ആകുന്നവരെയും അപകടത്തിൽപ്പെടുന്നവരെയും തൊഴിൽ നഷ്ടമാകുന്നവരെയും സഹായിക്കുന്നതിന് എന്തെങ്കിലും പ്രത്യേക പദ്ധതി തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

(ഡി) വിദേശത്ത് വെച്ച് രോഗബാധിതരാകുന്നവരെയും അപകടത്തിൽ പ്പെടുന്നവരെയും സഹായിക്കുന്നതിനായി സാന്ത്വന / ചെയർമാൻ ഫണ്ട് പദ്ധതികൾ നിലവിലുണ്ട്. തൊഴിൽരഹിതരാകുന്ന പ്രവാസികളുടെ പുനരധിവാസത്തിനായി നോർക്ക

ഡിപ്പാർട്ട്മെൻറ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻറ്സ് (NDPREM) എന്ന പദ്ധതിയും നിലവിലുണ്ട്. ടി പദ്ധതി കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ